**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ വ്യവസ്ഥ പുനക്രമീകരിച്ചത് മൂലം സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റം. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്ര വിഹിതം ലഭിയ്ക്കുന്ന 'കോർ ഓഫ് ദി കോർ' പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. 'കോർ' എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിബന്ധനകളിൽ മാറ്റം വരുത്തുവാൻ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. 'കോർ' എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ അഡ്വാൻസ് രീതിയിൽ നിന്നും റീ-ഇംബേഴ്സ്മെന്റെ രീതിയിലേയ്ക്ക് മാറിയതിനാൽ ഈ പദ്ധതികൾക്ക് മുൻകൂറായി തുക ചെലവഴിക്കേണ്ടി വരുന്നു. സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസന-ക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. |

| | | | |
|---|---|---|---|
| | | | മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി- നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. |
| (ബി) | തൊണ്ണൂറ് ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ എത്രയെണ്ണം നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ചുവെന്നും ഇതിനായി ലഭിച്ച തുക എത്രയാണെന്നും വിശദമാക്കാമോ? | (ബി) | തൊണ്ണൂറ് ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ ഒന്നും തന്നെ പുതുതായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ചിട്ടില്ല. മുൻ വർഷങ്ങൾ നടപ്പിലാക്കി വരുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ ഈ വർഷവും തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ